## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *392 — 20.10.2016-ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള അറ്റകുറ്റപ്പണികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ. യു. ആർ. പ്രദീപ് :** | | **ശ്രീ.ജി.സുധാകരൻ**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| **(എ)** റോഡുകളും പാലങ്ങളും കെട്ടിടങ്ങളും മെയിന്റനൻസ് ചെയ്യുന്നതു സംബന്ധിച്ച് ഒരു നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | **(എ)** | ഉദ്ദേശിക്കുന്നുണ്ട്. റോഡുകളും പാലങ്ങളും കെട്ടിടങ്ങളും മെയിന്റനൻസ് ചെയ്യുന്നതു സംബന്ധിച്ച് ഒരു നയം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. അദ്ദേഹം സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |
| **(ബി)** മെയിന്റനൻസ് പ്രവൃത്തികൾ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | **(ബി)** | മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കുന്നതിന് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം മാത്രമേ ഫണ്ട് അനുവദിക്കുകയും ആയതു പ്രകാരം പ്രവൃത്തികൾ നടപ്പാക്കുകയും ചെയ്യുന്നു. മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ളതു പോലെ ബിൽഡിംഗ്സ് മെയിന്റനൻസ് ചെയ്യുന്നതിന് Typical Maintenance Estimate കർശനമായും പാസ്സാക്കുകയും അതനുസരിച്ച് പ്രവൃത്തികൾ നടത്തുവാനുള്ള നിർദ്ദേശം ഫീൽഡ് എഞ്ചിനീയർമാർക്ക് കൊടുത്തിട്ടുണ്ട്. |

പൊതുമരാമത്ത് നിരത്തു വിഭാഗത്തിൻ കീഴിൽ മെയിന്റനൻസ് പ്രവൃത്തികൾ മാനുവലിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമാണ് നടപ്പിലാക്കി വരുന്നത്. ഇത് മേലുദ്യോഗസ്ഥർ പരിശോധിച്ച് വിലയിരുത്തുന്നുണ്ട്. പ്രവൃത്തിയുടെ ഗുണനില വാരം പരിശോധിക്കുന്നതിനു വേണ്ടി റീജിയണൽ ലാബുകളും ജില്ലാതലത്തിലുള്ള ലാബുകളും ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ഗുണനിലവാരം പരിശോധിച്ചതിനു ശേഷം മാത്രമേ പ്രവൃത്തികളുടെ പേയ്മെന്റ് നൽകുകയുള്ളൂ.

ദേശീയപാതയുടെ റീസർഫസിംഗും മറ്റു മെയിന്റനൻസുകളും കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരമാണ് അനുവദിക്കുന്നത്. ഇതുപ്രകാരം മൂന്നു വർഷത്തിലൊരിക്കൽ ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ച് റീസർഫസിംഗ് നടത്തുവാനോ ഇംപ്രൂവ്മെന്റ് റൈഡിംഗ് ക്വാളിറ്റി പ്രോഗ്രാമിൽ ഉൾപ്പെടുത്തി 5 വർഷത്തിലൊരിക്കൽ ബിറ്റുമിനസ് മക്കാടം, ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ച് റീസർ ഫസിംഗ് നടത്തുവാനാണ് അംഗീകാരം നൽകുന്നത്. പ്രവൃത്തികളുടെ ഗുണനിലവാരം ദേശീയപാത വിഭാഗത്തിലെ എഞ്ചിനീയർക്ക് പുറമേ കേന്ദ്രമന്ത്രാലയത്തിലെ എഞ്ചിനീയർ മാരും പരിശോധന നടത്തി ഉറപ്പുവരുത്താറുണ്ട്.

**(സി)** പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിരത്തുകളുടെയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായിനടത്തുന്നതിനും അതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

(സി) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിരത്തുകളുടെയും പാലങ്ങളുടെയും വിഭാഗ ത്തിൽ വരുന്ന അറ്റകുറ്റപ്പണികൾക്കായി ഈ സാമ്പത്തിക വർഷം 387.90 കോടി രൂപയും

ദേശീയപാതകളുടെ വിഭാഗത്തിൽ 525 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അടിയന്തിര അറ്റകുറ്റപണികൾ പൂർണ്ണ തോതിൽ പൂർത്തിയാക്കുന്നതിലേയ്ക്കായി 5000 കോടി രൂപ അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ